പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 992.

20.03.2013-ലെ മറുപടിയ്ക്ക്

## മണിയാർ ഡാം കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.എ.പി.അനിൽകുമാർ (ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) മണിയാർ ഡാം കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ എത്ര കോടി രൂപയുടെ പദ്ധതിക്കാണു തുടക്കമിട്ടിട്ടുള്ളത്; എന്തൊക്കെ പദ്ധതികളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്; എത്ര ഘട്ടമായാണ് ഇതു നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ ആദ്യഘട്ടത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റിനാണ് അനുമതി നൽകിയിട്ടുള്ളത്; ഇതിൽ ഏതൊക്കെ പദ്ധതികളാണുള്ളത്; നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, വൈകാനുള്ള കാരണം വിശദമാക്കുമോ; | (എ) പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ വടശ്ശേരിക്കര പഞ്ചായത്തിൽ മണിയാർ ഡാം കേന്ദ്രീകരിച്ച് 4,25,00,000/- രൂപയുടെ (നാലുകോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ) പദ്ധതിക്കാണ് രൂപരേഖ തയ്യാറാക്കിയത്.<br>മണിയാർ ഡാം സൗന്ദര്യവൽക്കരണം, നടപ്പാത നവീകരണം, കുട്ടികളുടെ പാർക്ക്, ലാന്റ്സ്കേപ്പിംഗ്,ടോയ്‌ലറ്റ് ബ്ലോക്ക്, പവലിയൻ എന്നീ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br>പദ്ധതി രണ്ട് ഘട്ടമായി നടപ്പാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.<br>ഒന്നാം ഘട്ടത്തിന് 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകി.<br>മൂന്ന് പവലിയന്റെ ഘടന, കുട്ടികളുടെ പാർക്കിന്റെ കോമ്പൗണ്ട് വാൾ എന്നിവ പൂർത്തികരിച്ചിട്ടുണ്ട്. |
| (ബി) പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ ആദ്യഘട്ടത്തിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത്; ഒന്നാംഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തി | (ബി) റാന്നി താലൂക്കിൽ വെച്ചൂച്ചിറ പഞ്ചായത്തിൽ പെരുന്തേനരുവി വെള്ളച്ചാട്ടം കേന്ദ്രീകരിച്ച് സൗന്ദര്യവൽക്കരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ |

യിരുന്നത്; എന്തൊക്കെ നിർമ്മാണങ്ങളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

97,12,800/- രൂപ (തൊണ്ണൂറ്റിയേഴു ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ് രൂപ) സർക്കാർ അനുവദിച്ചിട്ടുണ്ട്.

ഒന്നാം ഘട്ടത്തിൽ കോട്ടേജ്, സ്നാക്ക് ബാർ, വീക്ഷണ പവലിയൻ, ഫെസിലിറ്റേഷൻ സെന്റർ, പാർക്കിംഗ് സൗകര്യം, ടോയ്‌ലറ്റ്, വൈദ്യുതി സംവിധാനം തുടങ്ങിയവ ഉൾപ്പെടുന്നു.

രണ്ട് കോട്ടേജുകളുടെ ഘടന പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ എത്ര രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്; എന്തൊക്കെ പദ്ധതികളാണുള്ളത്; തുക അനുവദിച്ചിട്ടുണ്ടോ; നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി) രണ്ടാം ഘട്ടപ്രവൃത്തികൾക്കായി 75,85,000/- രൂപ (എഴുപത്തിയഞ്ചു ലക്ഷത്തി എൺപത്തിയയ്യായിരം രൂപ) അനുവദിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടത്തിൽ ഡോർമിറ്ററി, വെള്ളച്ചാട്ടത്തിന് ചുറ്റും കൈവരികൾ, കോട്ടേജിന്റെ പൂർത്തീകരണം, കൺവെൻഷൻ സെന്റർ തുടങ്ങിയവ ഉൾപ്പെടുന്നു.

നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ